**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 33** **24-08-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയുടെ പ്രവർത്തനത്തിൽ കേന്ദ്ര ഏജൻസികളുടെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ ഐ ബി സതീഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ മേഖലയിൽ വൻ മുന്നേറ്റമുണ്ടാക്കുന്നതിനായി പ്രവർത്തിക്കുന്ന കിഫ്ബിയെ ദുർബലപ്പെടുത്താൻ ചിലർ നടത്തുന്ന ശ്രമം തുറന്നുകാട്ടാൻ വിപുലമായ പ്രചാരണത്തിന്റെ ആവശ്യകത പരിശോധിക്കുമോ; | (എ) | കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999 ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റ് ആണ് കിഫ്ബി. നാളിതുവരെ 73,000 കോടിയിലുപരം രൂപയുടെ 993 പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകികഴിഞ്ഞു. ഈ പദ്ധതികൾക്കായി രാജ്യത്തെ നിയമവ്യവസ്ഥകൾക്ക് ഉള്ളിൽ നിന്നുകൊണ്ട് കിഫ്ബി ധനസമാഹരണം നടത്തിവരുന്നു. ഇതിനോടകം 18,000 കോടിയിലധികം രൂപ ധനവിപണിയിൽ നിന്നും ഇത്തരത്തിൽ കിഫ്ബി സമാഹരിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ വികസന മുഖഛായ സമഗ്രമായി മാറ്റുന്ന ഇടപെടലാണ് കിഫ്ബി മുഖേന സർക്കാർ ചെയ്തു വരുന്നത്. അപ്രായോഗികമായ വികസന മാതൃകയെന്ന് പ്രവചിച്ചവർ പോലും പിന്നീട് അത് തിരുത്തിപ്പറയുന്ന രീതിയിലുള്ള പ്രവർത്തനമാണ് കിഫ്ബി വഴി നടന്നുവരുന്നത്. ആഭ്യന്തര-അന്താരാഷ്ട്ര മാർക്കറ്റിലും കിഫ്ബി ഒരു നൂതന ധനകാര്യസ്ഥാപനം എന്ന രീതിയിൽ ശ്രദ്ധിക്കപ്പെട്ടു. ഇത്തരത്തിൽ കിഫ്ബി മികച്ചരീതിയിൽ പ്രവർത്തിച്ചുവരുന്ന അവസരത്തിലാണ് വിവിധ കേന്ദ്ര ഏജൻസികളെയും റെഗുലേറ്ററി ഏജൻസികളെയും ഉപയോഗിച്ച് അതിനെ തടസ്സപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നത്.<br><br>പൊതുമധ്യത്തിൽ കിഫ്ബിയെ മോശപ്പെടുത്തുവാനും നിക്ഷേപകരിൽ പരിഭ്രാന്തി സൃഷ്ടിച്ച് കിഫ്ബിയിലേക്കു വരേണ്ട നിക്ഷേപങ്ങളെ തടസ്സപ്പെടുത്തുവാനും അതുവഴി നിലവിൽ ലക്ഷ്യം വെച്ചിരിക്കുന്ന വികസനപ്രവർത്തനങ്ങളെ |

| | | | |
|---|---|---|---|
| | | | അവതാളത്തിലാക്കാനും ഇക്കൂട്ടർ നിരന്തരം ശ്രമിക്കുകയാണ്. ഈ നീക്കം ഒരിക്കലും അനുവദിച്ചുകൂടാ എന്നുമാത്രമല്ലാ സംസ്ഥാനത്തിന്റെയും പൊതുജനങ്ങളുടെയും താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതിനായി സമൂഹമധ്യത്തിൽ ഇക്കൂട്ടരെയും അവരുടെ ദുഷ്ടലാക്കോടെയുള്ള പ്രവർത്തനങ്ങളെയും തുറന്നുകാട്ടേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ സർക്കാർ തീർച്ചയായും സ്വീകരിക്കുന്നതാണ്. |
| (ബി) | സംസ്ഥാനം പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥാപിതവും സുതാര്യവുമായി പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ, ദുഷ്പ്രചാരണം നടത്തുന്നവരുടെ താല്പര്യം സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര അന്വേഷണ ഏജൻസികൾ ഇടപെടൽ നടത്തുന്നത് അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിഗണിക്കുമോ; | (ബി) | കഴിഞ്ഞ കുറച്ച് വർഷങ്ങളായി, ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്യുന്ന ഫെഡറൽ സാമ്പത്തിക സംവിധാനത്തെ ദുർബലപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന്റെ നിലപാടുകൾ കാരണമാകുന്നുണ്ട്.<br>ഒന്നാമതായി, സംസ്ഥാനങ്ങളുടെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ ഭരണഘടനയിലെ വ്യവസ്ഥകൾ തെറ്റായി വ്യാഖ്യാനിക്കുന്നു. രണ്ടാമതായി, ധനകാര്യ കമ്മീഷൻ വഴിയും, ഇതര മാർഗങ്ങൾ വഴിയുമുള്ള ധനകൈമാറ്റത്തിൽ കുറവ് വരുത്തുന്നു. കൂടാതെ കേന്ദ്ര ഏജൻസികൾ, പ്രത്യേകിച്ച് റെഗുലേറ്ററി ഏജൻസികളായ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ (സി&എജി), ആദായനികുതി വകുപ്പ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് തുടങ്ങിയ സർക്കാരിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ നിയന്ത്രണത്തിലുള്ളവയെ ഉപയോഗിച്ചുകൊണ്ട് സംസ്ഥാന താത്പര്യങ്ങളെ ദുർബലപ്പെടുത്തുന്നു. ഈ ശ്രമങ്ങളിൽ പലതും പൊതുവെ സംസ്ഥാനങ്ങളുടെ താത്പര്യങ്ങൾക്ക് എതിരും അവയിൽ പലതും പ്രത്യേകിച്ച് കേരള സംസ്ഥാനത്തിന്റെ പുരോഗതിയെ അട്ടിമറിക്കുന്നതിന് കാരണമാകുന്നതുമാണ്.<br><br>കേന്ദ്ര ഇടപെടൽ മൂലം കേരളം നേരിടുന്ന വിവിധ പ്രതിസന്ധികൾ ചൂണ്ടികാണിച്ചുകൊണ്ട് കേന്ദ്ര ധനകാര്യമന്ത്രിയ്ക്ക് ഇതിനോടകം കത്ത് അയച്ചിട്ടുണ്ട്. കിഫ്ബിയിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പോലെയുള്ള കേന്ദ്ര ഏജൻസികളുടെ ഇടപെടൽ സംബന്ധിച്ച വിഷയം നിലവിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (സി) | കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമ പരിപാലനവും വിദേശ നാണയ കൈകാര്യ നിയമ പരിപാലനവും മാത്രം അധികാര പരിധിയിലുൾപ്പെടുത്തിയുള്ള എൻഫോഴ്സ്മെന്റ് | (സി) | കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമ പരിപാലനവും വിദേശ നാണയ കൈകാര്യ നിയമ പരിപാലനവും മാത്രം അധികാര പരിധിയിലുൾപ്പെടുത്തിയുള്ള എൻഫോഴ്സ്മെന്റ് |

| | | |
|---|---|---|
| | ഡയറക്ടറേറ്റ് കിഫ്ബിയുടെ പ്രവർത്തനത്തിൽ നടത്തുന്ന ഭരണഘടനാ വിരുദ്ധ നീക്കത്തിനെതിരെ നിയമനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഡയറക്ടറേറ്റ് കിഫ്ബിയുടെ പ്രവർത്തനം സംബന്ധിച്ച് നിലവിൽ നടത്തുന്ന അന്വേഷണങ്ങൾ വിമർശന വിധേയമായിട്ടുണ്ട്.<br><br>2021 ഫെബ്രുവരി 3-ന് 1999-ലെ ഫെമ ആക്ട് പ്രകാരം കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) സമൻസ് അയക്കുകയുണ്ടായി. എന്നാൽ സമൻസിന്റെ കാരണമോ അന്വേഷണ വിഷയമോ വ്യക്തമാക്കിയിരുന്നില്ല. കിഫ്ബിയെ പ്രതിനിധീകരിച്ച് ജോയിന്റ് ഫണ്ട് മാനേജർ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആവശ്യപ്പെട്ട എല്ലാ രേഖകളും സമർപ്പിച്ചു. ആറോളം തവണ ഉദ്യോഗസ്ഥർ കൊച്ചിയിലെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് മുന്നിൽ ഹാജരാകേണ്ടി വന്നു. ചോദ്യം ചെയ്യുന്ന ഇ.ഡി ഉദ്യോഗസ്ഥർ ആഗ്രഹിച്ച ഉത്തരങ്ങൾ പറയുവാൻ പ്രേരിപ്പിക്കുന്ന ശക്തമായ സമ്മർദ്ദവും ഉണ്ടായി എന്ന പരാതിയുണ്ട്. 2021 ഡിസംബർ 15-ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നേരിട്ട് ചോദ്യം ചെയ്യുന്നതിനായി കൊച്ചിയിലെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിലേക്ക് വിളിപ്പിച്ചിരുന്നു. മസാല ബോണ്ടിന്റെ പേപ്പർ വർക്ക് കൈകാര്യം ചെയ്ത കിഫ്ബിയിലെ മറ്റ് ഉദ്യോഗസ്ഥരെയും ഒന്നിലധികം തവണ വിപുലമായ ചോദ്യം ചെയ്യലിന് വിധേയമാക്കി. ഖേദകരമെന്നു പറയട്ടെ, മുകളിൽ സൂചിപ്പിച്ച ചോദ്യം ചെയ്യലുകളുടെ പരമ്പരയിൽ, ചോദ്യം ചെയ്യലിന്റെ ഉദ്ദേശ്യത്തെക്കുറിച്ചോ അന്വേഷിക്കുന്ന വിഷയത്തെക്കുറിച്ചോ ഒരു വ്യക്തതയും ഉണ്ടായിരുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്. ഒരോ സമൻസിലും ആവശ്യപ്പെട്ട രേഖകൾ അന്വേഷണ ഏജൻസിക്ക് യഥാവിധി നൽകിയിട്ടുണ്ട്.<br><br>എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ ദുരുപയോഗം ചെയ്യുന്നതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് മുൻ ധനകാര്യ മന്ത്രിയും കിഫ്ബി വൈസ് ചെയർപേഴ്സണുമായിരുന്നു ഡോ. ടി. എം. തോമസ് ഐസക്കിന് സമൻസ് അയച്ചത്. ഇത്തരം നടപടികൾ സംസ്ഥാന സർക്കാരിനെ അപകീർത്തിപ്പെടുത്താനും അതിന്റെ വികസന അജണ്ടയും പുരോഗതിയും തടയാനുമുള്ള ശ്രമമാണിത് എന്നാണ് മനസ്സിലാക്കുന്നത്.<br><br>ഫെമ ആക്റ്റിന് കീഴിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് റിസർവ് ബാങ്ക് അംഗീകാരത്തോടെയാണ് കിഫ്ബി മസാല ബോണ്ട് പുറപ്പെടുവിച്ചത്. കേന്ദ്രസർക്കാരിനു |

| | | | |
|---|---|---|---|
| | | | കീഴിലുള്ള കിഫ്ബിയ്ക്ക് സമാനമായ ബോഡികോർപ്പറേറ്റുകളും മസാലാ ബോണ്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്കുമേൽ ഫെമ ചട്ട ലംഘനങ്ങൾ ഒന്നും തന്നെ ആരോപിക്കപ്പെട്ടിട്ടില്ല എന്നതും ശ്രദ്ധേയമാണ്.<br><br>ഇ.ഡിയുടെ ഇത്തരത്തിലുള്ള സംശയാസ്പദമായ പ്രവർത്തനങ്ങൾ ചോദ്യംചെയ്തുകൊണ്ട് കിഫ്ബിയും മുൻ ധനകാര്യ മന്ത്രിയും കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. കോടതി പ്രസ്തുത വിഷയത്തിൽ വാദം കേട്ടുവരുന്നു. 2021 ലെ നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുൻപായി ആരംഭിച്ച ഇ.ഡി അന്വേഷണവും ചോദ്യം ചെയ്യലും നീണ്ട 18 മാസങ്ങൾക്ക് ശേഷവും കിഫ്ബി നടത്തിയ ചട്ടലംഘനം എന്താണ് എന്ന് കൃത്യമായ പറയുവാൻ ആ ഏജൻസിയ്ക്ക് കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച ചർച്ചകൾ കോടതിയിൽ വന്ന അവസരങ്ങളിൽ ഇ.ഡി കൂടുതൽ സമയം ആവശ്യപ്പെടുന്ന സ്ഥിതിയാണ് ഉണ്ടായത്. |

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ്

കഴിഞ്ഞ കുറച്ച് വർഷങ്ങളായി, ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്യുന്ന ഫെഡറൽ സാമ്പത്തിക സംവിധാനത്തെ അട്ടിമറിക്കാൻ കേന്ദ്രസർക്കാർ നിരന്തരമായ ശ്രമങ്ങൾ നടത്തിവരുന്നു. ഇത് പല വഴികളിലൂടെയാണ് ചെയ്തുവരുന്നത്. ഒന്നാമതായി, സംസ്ഥാനങ്ങളുടെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ ഭരണഘടനയിലെ വ്യവസ്ഥകൾ തെറ്റായി വ്യാഖ്യാനിക്കുന്നു. രണ്ടാമതായി, ധനകാര്യ കമ്മീഷൻ വഴിയും, ഇതര മാർഗങ്ങൾ വഴിയുമുള്ള ധനകൈമാറ്റത്തിൽ കുറവ് വരുത്തുന്നു. കൂടാതെ കേന്ദ്ര ഏജൻസികൾ, പ്രത്യേകിച്ച് റെഗുലേറ്ററി ഏജൻസികളായ കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ (സി&എജി), ആദായനികുതി വകുപ്പ്, എന്ഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് തുടങ്ങിയ സർക്കാരിന്റ പ്രത്യക്ഷമോ പരോക്ഷമോ ആയ നിയന്ത്രണത്തിലുള്ളവയെ, കേന്ദ്ര സർക്കാരിന്റെ താല്പ്പര്യങ്ങൾക്ക് അനുസൃതമായി ഉപയോഗിച്ചുകൊണ്ട് സംസ്ഥാനങ്ങളെ വിധേയപ്പെടുത്താൻ ഉപയോഗിക്കുന്നു.

ഈ ശ്രമങ്ങളിൽ പലതും പൊതുവെ സംസ്ഥാനങ്ങളുടെ താത്പര്യങ്ങൾക്ക് എതിരും കേരള സംസ്ഥാനത്തിന്റെ പുരോഗതിയെ അട്ടിമറിക്കുന്നതിന് കാരണമാകുന്നതുമാണ്.

### എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ അന്വേഷണങ്ങൾ

i. 2019 മാർച്ചിൽ പുറത്തിറക്കിയ മസാല ബോണ്ടിലൂടെ വിദേശ വാണിജ്യ വായ്പകളായി 2150 കോടി രൂപ വിജയകരമായി കിഫ്ബി സമാഹരിച്ചിരുന്നു. 1999-ലെ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് നിഷ്കർഷിച്ച എല്ലാ അനുമതികളും നേടിയ ശേഷമാണ് അന്ന് പ്രസ്തുത മസാല ബോണ്ടുകൾ വഴി കിഫ്ബി പണം സമാഹരിച്ചത്. മസാല ബോണ്ട് വഴി ഫണ്ട് സ്വരൂപിക്കുന്ന ആദ്യ സംസ്ഥാന സർക്കാർ ഏജൻസിയായി കിഫ്ബി ചരിത്രത്തിൽ ഇടം നേടി. ഇത് അന്താരാഷ്ട്ര തലത്തിൽ കിഫ്ബിയ്ക്ക് വളരെയധികം മതിപ്പ് നേടിത്തരുകയും തന്മൂലം അന്താരാഷ്ട്ര ആഭ്യന്തര നിക്ഷേപകർക്കിടയിൽ കിഫ്ബിയുടെ സ്ഥാനം ഉയരുവാൻ സഹായിക്കുകയും ചെയ്തു. ഈ ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലും സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചുകളിലും വിജയകരമായി ലിസ്റ്റ് ചെയ്യപ്പെട്ടു. മസാല ബോണ്ടിലൂടെ വായ്പ സമാഹരിച്ച കേന്ദ്ര ഏജൻസികൾ കൂടി ഉണ്ട്

എന്നതാണ് വസ്തുത. എൻഎച്ച്എഐ (3000 കോടി), എൻറ്റിപിസി (4000 കോടി), ഐ.ആർ.ഇ.ഡി.എ (1950 കോടി) മുതലായവ ഇതിൽ ഉൾപ്പെടുന്നു.

ii. 2021 ഫെബ്രുവരി 3-ന് 1999-ലെ ഫെമ ആക്ട് പ്രകാരം കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സമൻസ് അയക്കുകയുണ്ടായി. എന്നാൽ സമൻസിന്റെ കാരണമോ അന്വേഷണ വിഷയമോ വ്യക്തമാക്കിയിരുന്നില്ല.

iii. കിഫ്ബിയെ പ്രതിനിധീകരിച്ച് ജോയിന്റ് ഫണ്ട് മാനേജർ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആവശ്യപ്പെട്ട എല്ലാ രേഖകളും സമർപ്പിച്ചു. ഇതിനകം ആറ് തവണ ഉദ്യോഗസ്ഥർ കൊച്ചിയിലെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് മുന്നിൽ ഹാജരാകേണ്ടി വന്നു. ചോദ്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ആഗ്രഹിച്ച ഉത്തരങ്ങൾ പറയുവാൻ പ്രേരിപ്പിക്കുന്ന ശക്തമായ സമ്മർദ്ദവും അവർക്ക് നേരിടേണ്ടി വന്നുവെന്നാണ് മനസ്സിലാക്കുന്നത്.

iv. 2021 ഡിസംബർ 15-ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നേരിട്ട് ചോദ്യം ചെയ്യുന്നതിനായി കൊച്ചിയിലെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിലേക്ക് വിളിപ്പിച്ചു. മസാല ബോണ്ടിന്റെ പേപ്പർ വർക്ക് കൈകാര്യം ചെയ്ത കിഫ്ബിയിലെ മറ്റ് ഉദ്യോഗസ്ഥരെയും ഒന്നിലധികം തവണ വിപുലമായ ചോദ്യം ചെയ്യലിന് വിധേയമാക്കി.

v. ഖേദകരമെന്നു പറയട്ടെ, മുകളിൽ സൂചിപ്പിച്ച ചോദ്യം ചെയ്യലുകളുടെ പരമ്പരയിൽ, ചോദ്യം ചെയ്യലിന്റെ ഉദ്ദേശ്യത്തെക്കുറിച്ചോ അന്വേഷിക്കുന്ന വിഷയത്തെക്കുറിച്ചോ ഒരു വ്യക്തതയും ഉണ്ടായിരുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആവശ്യപ്പെട്ട ആയിരക്കണക്കിന് പേജുകൾ വരെയുള്ള എല്ലാ രേഖകളും ഈ ഓരോ അവസരത്തിലും അന്വേഷണ ഏജൻസിയ്ക്ക് യഥാവിധി നൽകിയിട്ടുമുണ്ട്.

vi. കിഫ്ബിക്ക് അത്തരം സമൻസുകൾ ലഭിക്കുന്നതിന് മുമ്പ് തന്നെ, ഈ അന്വേഷണങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ പലപ്പോഴും മാധ്യമങ്ങൾക്ക് നൽകിയിരുന്നു എന്നത് വളരെ ആശങ്കാജനകമായൊരു വസ്തുതയാണ്. ഈ ചോദ്യം ചെയ്യലുകളും വാർത്താ ചോർച്ചകളും 2021 ഏപ്രില്‍ മാസത്തിൽ നടന്ന നിയമസഭ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പുള്ള മാസങ്ങളിലായിരുന്നു. അതുകൊണ്ട് തന്നെ കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾ ലാക്കാക്കിയുള്ള അന്വേഷണങ്ങളായിരുന്നു ഇത് എന്ന് സംശയിപ്പിക്കുന്നതാണ്.

vii. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ ദുരുപയോഗം ചെയ്യുന്നതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് മുൻ ധനകാര്യ മന്ത്രിയും കിഫ്ബി വൈസ് ചെയർപേഴ്സനുമായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിന് സമൻസ് അയച്ചത്. 2022 ജൂലായ് 12 തീയതി വച്ചുള്ള ഈ സമൻസ് 2022 ജൂലായ് 18-ന് മാത്രമാണ് അദ്ദേഹത്തിന് ലഭിച്ചത്. സമൻസ് ഡോ. തോമസ് ഐസക്കിന് യഥാസമയം ലഭിച്ചില്ലെങ്കിലും ഒരു പ്രമുഖ മലയാള ദിനപത്രം സമൻസ് സംബന്ധിച്ച വാർത്ത കാലേക്കൂട്ടി റിപ്പോർട്ട് ചെയ്തു എന്നത് ശ്രദ്ധേയമാണ്. സംസ്ഥാന സർക്കാരിനെ അപകീർത്തിപ്പെടുത്താനും അതിന്റെ വികസന അജണ്ടയും പുരോഗതിയും തടയാനുമുള്ള വളരെ ഗൂഢമായ ശ്രമമാണിത്.

**റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നടപടികൾ**

ധനമന്ത്രാലയത്തിന്റേതായാലും, റിസർവ് ബാങ്കിന്റേതായാലും, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റേത് ആയാലും, അവയുടെ ഭരണഘടനാ വിരുദ്ധമായ എല്ലാ നിർദ്ദേശങ്ങളും, കേന്ദ്ര സർക്കാരിനെയും അതിന്റെ ഏജൻസികളെയും സൂക്ഷ്മമായി ഒഴിവാക്കുകയും അവയുടെ താൽപ്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുകയും ചെയ്യുന്നു എന്ന് കാണാവുന്നതാണ്. ജൂൺ 14, 2022-ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ച DOR.CRE.REC.No.47/13.03.00/2022-23 സർക്കുലർ അത്തരം കടുത്ത വിവേചനത്തെ വ്യക്തമായി പ്രതിഫലിപ്പിക്കുന്നു. ആർ.ബി.ഐ സർക്കുലർ പ്രകാരം, പ്രോജെക്ടിൽ നിന്നുള്ള പണം കൊണ്ട് മുഴുവൻ തിരിച്ചടവും ഉറപ്പാക്കാവുന്ന പദ്ധതികൾക്ക് മാത്രമേ ബാങ്കുകൾ ധനസഹായം നൽകാവൂ എന്നാണ് RBI നിർദ്ദേശം. ഈ വാദം ഉപയോഗിച്ചാൽ സംസ്ഥാന ബജറ്റിൽ നിന്നുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗിന്റെ (വിജിഎഫ്) പിന്തുണയുള്ളതിനാൽ വിഴിഞ്ഞം തുറമുഖ പദ്ധതി പോലെയുള്ള ഒരു പദ്ധതിയും കേരള സർക്കാരിന് ഏറ്റെടുക്കാനാവില്ല.

തിരിച്ചടവ് ഉറപ്പുനൽകാത്ത വായ്പകൾക്ക് ബാങ്കുകൾ ധനസഹായം നൽകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടത് ആർബിഐ യുടെ ചുമതലയാണ്. എന്നാൽ റിസർവ്വ് ബാങ്ക് നിയമപരമായ അതിന്റെ അധികാര സീമകൾ മറികടന്നുകൊണ്ട് സംസ്ഥാനങ്ങൾ തങ്ങളുടെ ഏജൻസികൾ, കോർപ്പറേഷനുകൾ, നിയമാനുസൃത സ്ഥാപനങ്ങൾ, യൂട്ടിലിറ്റികൾ എന്നിവ മുഖേന വികസന സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിൽ ബാങ്കുകളെ നിയമവിരുദ്ധമായി നിയന്ത്രിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമാണ് പിന്തുടരുന്നത്. ബാങ്കുകളുടെ മേലുള്ള ആർബിഐയുടെ ഈ നിയന്ത്രണങ്ങൾ സംസ്ഥാന സർക്കാരുകളുടെ

പദ്ധതികൾക്ക് വേണ്ടി മാത്രമുള്ളതാണ്. കേന്ദ്രസർക്കാർ, അതിന്റെ പൊതുമേഖലാ ഏജൻസികളും കോർപ്പറേഷനുകളും മുഖേന ഏറ്റെടുക്കുന്ന പദ്ധതികൾക്ക്, ഈ നിയന്ത്രണങ്ങൾ ബാധകമാക്കുന്നില്ല എന്നതാണ് വിരോധാഭാസം.

## സി&എജിയുടെ സംസ്ഥാന ധനകാര്യ റിപ്പോർട്ടുകൾ

i. 2019-2020 കാലയളവിൽ, സി&എജിയുടെ കീഴിലുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ്, അതിന്റെ ഓഡിറ്റിനെ KIIFB എതിർക്കുന്നു എന്ന തെറ്റായ ചില വാദങ്ങൾ ഉന്നയിച്ചു. 1971-ലെ കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (ഡ്യൂട്ടീസ്, പവേഴ്സ് ആൻഡ് കൺഡിഷൻസ് ഓഫ് സർവീസ്) ആക്ട് പ്രകാരം, സംസ്ഥാന ബഡ്ജറ്റിൽ നിന്ന് ഗ്രാന്റ് ലഭിക്കുന്ന ഏതൊരു സ്ഥാപനത്തെയും ഓഡിറ്റ് ചെയ്യാൻ സി&എജിക്ക് സമ്പൂർണ്ണവും അനിയന്ത്രിതവുമായ അവകാശമുണ്ടെന്ന് സംസ്ഥാന സർക്കാർ തുടക്കം മുതൽ തന്നെ വ്യക്തമായ നിലപാട് സ്വീകരിച്ചിരുന്നു. സി&എജി നടത്തുന്ന കിഫ്ബിയുടെ ഓഡിറ്റിനെ സംസ്ഥാന സർക്കാർ സ്വാഗതം ചെയ്തിരുന്നു. മുകളിൽ പറഞ്ഞ നിയമത്തിലെ ക്ലോസ് 14 പ്രകാരം കിഫ്ബിയുടെ ഓഡിറ്റ് സി&എജി ആരംഭിച്ചു. ഓഡിറ്റ് സുഗമമാക്കുന്നതിന് കിഫ്ബി എല്ലാ പിന്തുണയും സൗകര്യങ്ങളും നൽകി. നിർഭാഗ്യവശാൽ, സി&എജി-യുടെ ഓഡിറ്റ് സുഗമമായി പുരോഗമിക്കുമ്പോൾ പോലും, അതിന്റെ അക്കൗണ്ടുകളും സാമ്പത്തിക ഇടപാടുകളും ഓഡിറ്റ് ചെയ്യാൻ സി&എജി-യെ കിഫ്ബി അനുവദിക്കുന്നില്ല എന്ന തെറ്റായ ധാരണ മാധ്യമങ്ങളിൽ പ്രചരിപ്പിച്ചു.

ii. 2020 മാർച്ചിൽ അവസാനിക്കുന്ന വർഷത്തേക്കുള്ള സ്റ്റേറ്റ് ഫിനാൻസ് സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ സി പല പരാമർശങ്ങളും യുക്തിസഹമായിരുന്നില്ല. അവ സംസ്ഥാന സർക്കാരിന്റെ പ്രതിച്ഛായയെയും കിഫ്ബി, പെൻഷൻ കമ്പനി (KSSPL) എന്നിവയുടെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുന്നവ ആയിരുന്നു. ഇത്തരം പരാമർശങ്ങൾ, കിഫ്ബിയ്ക്ക് വിപണിയിൽ നിന്ന് ഫണ്ട് സമാഹരിക്കാനുള്ള കഴിവിനെയും ഗണ്യമായ ബ്രാൻഡിംഗിനെയും തകർക്കാൻ ലക്ഷ്യമിട്ടുള്ളവയായിരുന്നു എന്നു വേണം കരുതാൻ.

iii. 2020ലെ കേരളത്തിന്റെ സംസ്ഥാനത്തിന്റെ സ്റ്റേറ്റ് ഫിനാൻസ് സംബന്ധിച്ച സി&എജിയുടെ റിപ്പോർട്ട് ഈ നിയമസഭയുടെ മുമ്പാകെ വെച്ചിരുന്നു നിയമപരമായും ഭരണഘടനാപരമായും നിലനില്ക്കാത്തതും സാങ്കേതികമായി തെറ്റായതുമായ അതിലെ പരാമർശങ്ങൾ സ്വീകരിക്കേണ്ടതില്ലെന്ന് സഭ തീരുമാനിക്കുകയും അത്തരം മാറ്റങ്ങളോടെ സി&എജിയുടെ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

iv. എന്നിരുന്നാലും, ഈ സഭയുടെ പ്രമേയത്തെ മാനിക്കാതെ, സംസ്ഥാന ധനകാര്യ റിപ്പോർട്ടിലെ സി&എജിയുടെ തെറ്റായതും അടിസ്ഥാനരഹിതവുമായ അഭിപ്രായങ്ങൾ, കിഫ്ബി, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികളുടെ വായ്പകൾ അനുവദിക്കാതിരിക്കാനുള്ള കാരണമായി കേന്ദ്ര ധനമന്ത്രാലയം ഉപയോഗിച്ചു. ഈ സഭ നിരസിച്ച സി&എജിയുടെ തെറ്റായ റിപ്പോർട്ടാണ് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ഇപ്പോഴുള്ള നിർദ്ദേശങ്ങൾക്ക് തുടക്കം കുറിച്ചത്. കിഫ്ബിയിൽ തുടങ്ങി ഇപ്പോൾ 60 ലക്ഷത്തോളം പാവപ്പെട്ടവരുടെ ക്ഷേമപെൻഷൻ വിതരണം ചെയ്യുന്ന കെ.എസ്.എസ്.പി.എൽ-ന്റെ പ്രവർത്തനത്തെയും തടസ്സപ്പെടുത്തുകയാണ്. ഭാവിയിൽ ലൈഫ് പദ്ധതിയുൾപ്പടെയുള്ള ക്ഷേമ പ്രവർത്തനങ്ങളെ ഈ നയം തടസ്സപ്പെടുത്തുമെന്ന ആശങ്ക അസ്ഥാനത്തല്ല.

**ആദായനികുതി വകുപ്പിന്റെ നടപടികൾ**

i. സംസ്ഥാന സർക്കാരിനെതിരായ കേന്ദ്ര ഏജൻസികളുടെ ലക്ഷ്യം വച്ചുള്ള ആക്രമണങ്ങളിലും ദുരുപയോഗത്തിലും മറ്റൊരു ദൗർഭാഗ്യകരമായ സംഭവ വികാസമാണ് കിഫ്ബിക്ക് എതിരായ ആദായനികുതി വകുപ്പിന്റെ നടപടികളിൽ പ്രതിഫലിക്കുന്നത്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് (എസ്.പി.വി) ഏർപ്പെടുത്തിയ കരാറുകാർക്കുള്ള ബില്ലുകളുടെ പേയ്മെന്റിന്റെ ടി.ഡി.എസ്, ഇൻകം ടാക്സ് ആക്ട് 1960 ന്റെ പരിധിയിൽ ഉൾപ്പെടുത്തി അന്വേഷണത്തിന് വിധേയമാക്കിയതായിരുന്നു ഈ നീക്കം.

ii. കിഫ്ബി അംഗീകരിച്ച ഓരോ പ്രോജക്ടിനെയും നിയന്ത്രിക്കുന്ന ഒരു കരാർ ഉണ്ട്. ബന്ധപ്പെട്ട സർക്കാർ വകുപ്പിന്റെ സെക്രട്ടറി, സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ (SPV) മേധാവി, കിഫ്ബിയുടെ സി.ഇ.ഒ എന്നിവർ തമ്മിലാണ് ഈ ത്രികക്ഷി കരാർ. ഈ ത്രികക്ഷി കരാറിന്റെ നിബന്ധനകൾ പ്രകാരം, പ്രോജക്ടുകളുടെ നിർമ്മാണം ഏറ്റെടുക്കുന്ന കരാറുകാരനുമായിട്ടുള്ള ഉടമ്പടിയുടെ പൂർണ ഉത്തരവാദിത്തം എസ്പിവിക്ക് മാത്രമായിരിക്കും. കൂടാതെ, ടി.ഡി.എസ് ഉൾപ്പെടെയുള്ള എല്ലാ നികുതി ബാധ്യതകളും അവർക്ക് നൽകുന്ന ബിൽ തുകയിൽ നിന്ന് കിഴിവ് ചെയ്ത് ആദായനികുതി വകുപ്പിന് അടക്കേണ്ടത് എസ്.പി.വിയുടെ ചുമതലയാണ്.

iii. ഈ ക്രമീകരണം ആദായനികുതി വകുപ്പിന്റെ അന്വേഷണ വേളയിൽ പലതവണ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നിരുന്നാലും, ഇത് വകവയ്ക്കാതെ കിഫ്ബി ധനസഹായം

നൽകുന്ന പദ്ധതികളുടെ നടത്തിപ്പിന് ആധാരമായ ത്രികക്ഷി കരാറിലെ വ്യവസ്ഥകൾ അവഗണിച്ചാണ് ആദായനികുതി വകുപ്പ് കിഫ്ബിക്കെതിരെ നടപടികൾ ആരംഭിച്ചത്.

iv. വളരെ ആശ്ചര്യകരമായ ഈ നീക്കത്തിൽ, കൊച്ചിയിലെ ആദായനികുതി കമ്മീഷണറുടെ നേതൃത്വത്തിലുള്ള പതിനഞ്ചോളം ഉദ്യോഗസ്ഥർ അടങ്ങുന്ന സംഘം 2021 മാർച്ച് 25 ന് ഉച്ചയ്ക്ക് കിഫ്ബിയുടെ ഓഫീസിൽ മുന്നറിയിപ്പില്ലാതെ കടന്നുവന്നു. അന്വേഷണത്തിന്റെ പേരിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറേയും കിഫ്ബിയിലെ മുതിർന്ന ഉദ്യോഗസ്ഥരേയും രാത്രി 10 മണി വരെ ഏകദേശം പത്ത് മണിക്കൂറോളം തടഞ്ഞു വെച്ചുചോദ്യം ചെയ്തു. ആദായനികുതി വകുപ്പിന്റെ മൂല്യനിർണ്ണയ അതോറിറ്റി ടിഡിഎസ് അടയ്ക്കുന്നവരിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്ന സാധാരണ രീതിയുമായി ഈ രീതി തികച്ചും വ്യത്യസ്തമായിരുന്നു എന്നതാണ് ഇതിനെ സംശയാസ്പദമാക്കുന്നത്.

v. സാധാരണ രീതിയിൽ, നികുതിദായകർ അസ്സെസ്സ്മെന്റ് അതോറിറ്റി/ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും നേരിട്ടോ പ്രതിനിധി വഴിയോ നൽകുകയാണ് ചെയ്യാറുള്ളത്. ഈ കീഴ്വഴക്കത്തിന് വിരുദ്ധമായി, കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു സംഘം കിഫ്ബി സന്ദർശിച്ച് 10 മണിക്കൂറിലധികം ചോദ്യം ചെയ്യുന്നതിനായി അതിലെ ഉദ്യോഗസ്ഥരെ തടഞ്ഞുവയ്ക്കുവാൻ പ്രേരിപ്പിച്ചത് എന്താണെന്ന് വ്യക്തമല്ല. എന്നിരുന്നാലും, ഒരു റെയ്ഡിന്റെ സ്വഭാവത്തിലുള്ള ഈ ചോദ്യം ചെയ്യൽ മാധ്യമങ്ങളിൽ വിപുലമായി ചർച്ച ചെയ്യപ്പെട്ടു. 2021 ഏപ്രിലിൽ നിയമസഭ തെരഞ്ഞെടുപ്പിന് പന്ത്രണ്ട് ദിവസം മുമ്പാണ് ഇത് നടന്നത് എന്നതും ശ്രദ്ധേയമാണ്. കൃത്യനിർവ്വഹണത്തിൻറെ ഭാഗമായോ ആദായനികുതി നിയമങ്ങൾക്ക് കീഴിലുള്ള ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനോ അല്ല, മറിച്ച് രാഷ്ട്രീയ ലക്ഷ്യങ്ങളോടെയാണ് അത്തരം നടപടികൾ ഉണ്ടായത് എന്ന് ഉറപ്പിച്ച് പറയാവുന്നതാണ്. ഈ വിഷയം പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെ എത്തുകയും, ബഹുമാനപ്പെട്ട കോടതി അത് സ്റ്റേ ചെയ്യുകയുമുണ്ടായി.

**സെക്ഷൻ ഓഫീസർ**